BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 50/2018-2020 തീയതി: 20-07-2019

# സർക്കിൾ പ്രവർത്തക സമിതി യോഗം

സഖാവെ,

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ സർക്കിൾ പ്രവർത്തക സമിതിയോഗം ജൂലായ് 18, 19 തീയതികളിൽ പി&ടി ഹൗസിൽ ചേർന്നു. സർക്കിൾ പ്രസിഡന്റ് സ.പി.മനോഹരൻ അദ്ധ്യക്ഷത വഹിച്ചു. സർക്കിൾ സെക്രട്ടറി സി.സന്തോഷ്കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. അഖിലേന്ത്യാ ഭാരവാഹികളായ എം.വിജയകുമാർ, പി.ആർ. പരമേശ്വരൻ എന്നിവർ സംസാരിച്ചു. ബി.എസ്.എൻ.എൽ സംരക്ഷണം, റഫറണ്ടം തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

* ബി.എസ്.എൻ.എൽ. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നു പോകുന്ന സാഹചര്യത്തിൽ ബി.എസ്.എൻ.എൽ.ന് സാമ്പത്തിക സഹായം അനുവദിക്കാതെ ബി.എസ്.എൻ.എല്ലിനെ തകർക്കുന്ന നടപടിയ്ക്കെതിരെ ജനങ്ങളുടെ ആകെ പിന്തുണയോടുകൂടി ബി.എസ്.എൻ.എൽ. സംരക്ഷിക്കുന്നതിനുവേണ്ടി കാസർകോഡു മുതൽ തിരുവനന്തപുരം വരെ **"ബി.എസ്.എൻ.എൽ. സംരക്ഷിക്കുക, പൊതുമേഖലയെ സംരക്ഷിക്കുക, രാജ്യം സംരക്ഷിക്കുക"** എന്ന മുദ്രാവാക്യം ഉയർത്തി വാഹനജാഥ സംഘടിപ്പിയ്ക്കാൻ തീരുമാനിച്ചു. ജാഥ ആഗസ്റ്റ് 19 ന് കാസർഗോഡ് ഉത്ഘാടനം ചെയ്യപ്പെടുന്നു. ആഗസ്റ്റ് 29ന് തിരുവനന്തപുരത്ത് സമാപിക്കും. ഓരോ ജില്ലയിലും സ്വീകരണം നൽകേണ്ട കേന്ദ്രങ്ങൾ താഴെക്കൊടുക്കുന്നു.

| ജില്ല | | സ്വീകരണ കേന്ദ്രങ്ങൾ |
|---|---|---|
| കണ്ണൂർ | - | കാസർകോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ, മട്ടന്നൂർ, തലശ്ശേരി. |
| കോഴിക്കോട് | - | വടകര, മാനന്തവാടി, കൽപ്പറ്റ, താമരശ്ശേരി, കൊയിലാണ്ടി, കോഴിക്കോട്. |
| മലപ്പുറം | - | കൊണ്ടോട്ടി, തിരൂർ, മലപ്പുറം, പെരിന്തൽമണ്ണ |
| പാലക്കാട് | - | മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട്, ചിറ്റൂർ, ആലത്തൂർ |
| തൃശ്ശൂർ | - | വടക്കാഞ്ചേരി, തൃശ്ശൂർ, വാടാനപ്പള്ളി, ഇരിഞ്ഞാലക്കുട |
| എറണാകുളം | - | അങ്കമാലി, എറണാകുളം, മൂവാറ്റുപുഴ, തൊടുപുഴ |

| | | |
|---|---|---|
| കോട്ടയം | - | പാല, കാഞ്ഞിരപ്പള്ളി, കോട്ടയം, വൈക്കം, |
| ആലപ്പുഴ | - | ചേർത്തല, ആലപ്പുഴ, കായംകുളം, മാവേലിക്കര. |
| പത്തനംതിട്ട | - | തിരുവല്ല, പത്തനംതിട്ട, കോന്നി, അടുർ |
| കൊല്ലം | - | പുനലൂർ, കൊട്ടാരക്കര, കരുനാഗപ്പള്ളി, ചിന്നക്കട (കൊല്ലം) |
| തിരുവനന്തപുരം | - | ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം. |

* ജാഥാലീഡറായി സർക്കിൾ സെക്രട്ടറി സി.സന്തോഷ്കുമാറും, ജാഥാമാനേജരായി സർക്കിൾ പ്രസിഡന്റ് പി.മനോഹരനും, സ്ഥിരാംഗങ്ങളായി അഖിലേന്ത്യാ ഓർഗനൈസിംഗ് സെക്രട്ടറി പി.ആർ.പരമേശ്വരൻ, മഹിളാ സബ്കമ്മിറ്റി കൺവീനർ വി. ഭാഗ്യലക്ഷ്മി, സർക്കിൾ അസി: സെക്രട്ടറി കെ.മോഹനൻ എന്നിവർക്ക് ചുമതല നൽകി. ഓരോ ജില്ലയിലും ജാഥാ ചിലവിലേയ്ക്കായി ഓരോ അംഗങ്ങളുടെ കയ്യിൽ നിന്നും രൂപ.50/- പിരിച്ചെടുത്ത് ജാഥാ മാനേജരെ ഏൽപ്പിക്കേണ്ടതാണ്.

* സ്വീകരണ കേന്ദ്രങ്ങളിൽ ലഘുലേഖ തയ്യാറാക്കി സർക്കിൾ യൂണിയൻ നൽകും. വർഗ്ഗ ബഹുജന സംഘടനകളുടെ യോഗം വിളിച്ചു ചേർത്ത് സ്വീകരണ കമ്മിറ്റികൾ രൂപീകരിച്ച് സ്വീകരണ കേന്ദ്രങ്ങളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കണം.

* റഫറണ്ടവുമായി ബന്ധപ്പെട്ട് ജനറൽ സെക്രട്ടറി പി.അഭിമന്യുവിനെ പങ്കെടുപ്പിച്ച് ആഗസ്റ്റ് 3 ന് തൃശ്ശൂരിൽ ( ജോസഫ് മുണ്ടശ്ശേരി ഹാൾ) കൺവൻഷൻ നടത്താൻ തീരുമാനിച്ചു. എല്ലാ എസ്.എസ്.എ.കളിൽ നിന്ന് ബ്രാഞ്ചു സെക്രട്ടറിമാർ, ജില്ലാ കമ്മിറ്റി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

* റഫറണ്ടവുമായി ബന്ധപ്പെട്ട് ബ്രാഞ്ച്/ബൂത്തുലവൽ കൺവൻഷൻ സംഘടിപ്പിക്കണം. സ്കാഡുകൾ രൂപീകരിച്ച് മുഴുവൻ ജീവനക്കാരേയും നേരിൽ കണ്ട് വോട്ട് ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

* മാനേജ്മെന്റ് പ്രസിദ്ധീകരിക്കുന്ന വോട്ടേഴ്സ് ലിസ്റ്റ് പരിശോധിച്ച് നമ്മുടെ മുഴുവൻ അംഗങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തണം. ഓരോ ജില്ലയിലും ജോലിചെയ്യുന്ന എസ്.ടി.ആർ. എസ്.ടി.പി. സിവിൽ/ഇലക്ട്രിക്കൽ, മൊബൈൽ വിംഗ് ജീവനക്കാരെ ആതാതു വേട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തണം.

* മാനേജ്മെന്റ് നിർദ്ദേശിക്കുന്ന തീയ്യതികളിൽത്തന്നെ ബൂത്ത് ഏജന്റുമാരെയും, കൗണ്ടിംഗ് ഏജന്റുമാരെയും നോമിനേറ്റ് ചെയ്യണം.

* ജീവനക്കാർക്കിടയിൽ വിതരണം ചെയ്യേണ്ട ബുക്ക്ലെറ്റ് സർക്കിൾ യൂണിയൻ തയ്യാറാക്കി ജില്ലകൾക്ക് വിതരണം ചെയ്യുന്നതായിരിക്കും.

* റഫറണ്ടത്തിന്റെ പ്രവർത്തനഫണ്ടിലേയ്ക്കായി ഓരോ അംഗങ്ങളിൽ നിന്നും രൂപ.200/- (100,50,50) പിരിച്ചെടുക്കാൻ തീരുമാനിച്ചു.

* ജില്ലകളിൽ മഹിളാ കൺവൻഷൻ സംഘടിപ്പിക്കാനും തീരുമാനിച്ചു.

* ജീവനക്കാരുടെ ശമ്പളം ഡെഫർ ചെയ്ത് കോൺട്രാക്ട് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നതിനോട് സംഘടനയ്ക്ക് യോജിക്കാനാകില്ല. ജീവനക്കാരുടെ കയ്യിൽ നിന്നും പൈസ് പിരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോടും യൂണിയന് യോജിക്കാൻ കഴിയില്ല. അതുകൊണ്ട് അത്തരത്തിലുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

* ജില്ലാ സമ്മേളനങ്ങൾ 2019 നവംബർ, ഡിസംബർ മാസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്.

* സി.സി.എൽ.യു ജീവനക്കാർ നടത്തിവരുന്ന സമരം ശക്തമാക്കുന്നതിന് ജില്ലാ സെക്രട്ടറിമാർ മുൻകൈ എടുക്കണം. എല്ലാ ജില്ലകളിലും സമരസഹായ സമിതികൾ രൂപീകരിക്കണം. വർഗ്ഗ-ബഹജന സംഘടനകളുടെ പങ്കാളിത്തവും, അഭിവാദ്യവും ഉറപ്പുവരുത്തണം. സമരസഹായക്കൾക്ക് എല്ലാ സഹായവും നൽകുന്നതിനുള്ള ശ്രമം നടത്തണം.

* എല്ലാ എസ്.എസ്.എ.കളിലും ആഗസ്റ്റ് 15 ന് മുമ്പ് ജില്ലാ കമ്മിറ്റികൾ വിളിച്ചുചേർത്ത് സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ വിജയിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അഭിവാദനങ്ങളോടെ,



സി.സന്തോഷ്കുമാർ

സർക്കിൾ സെക്രട്ടറി